**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4063** | **03-03-2023 - ൽ മറുപടിയ്ക്ക്**

**വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | (എ) ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി വനിത ശിശുവികസന വകുപ്പ് അനുപൂരക പോഷകാഹാര പദ്ധതി, ആദ്യ 1000 ദിന പരിപാടികൾ, എന്നിവയും PMMVY ധനസഹായ പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>**അനുപൂരക പോഷകാഹാര പദ്ധതി**:- വനിത ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു വികസന പദ്ധതിയിൻ കീഴിൽ അങ്കണവാടികൾ വഴി ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഫീഡിംഗ് നൽകി വരുന്നുണ്ട്. അതിൽ നുറുക്ക് ഗോതമ്പ്, ശർക്കര, ധാന്യങ്ങൾ, എണ്ണ മുതലായവ അടങ്ങിയ പാക്കറ്റ് ആണ് ടേക്ക് ഹോം റേഷൻ ആയി നൽകുന്നത്.<br><br>**ആദ്യ 1000 ദിന പരിപാടി:-**<br><br>ഗർഭാവസ്ഥമുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. അട്ടപ്പാടി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി നിലവിൽ സംസ്ഥാനത്താകെ തെരഞ്ഞെടുക്കപ്പെട്ട 42 ഐസിഡിഎസ് പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നു. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗർഭിണിയുടെ തൂക്കം 45 കിഗ്രാമിൽ കുറവ്, ഉയരം 145 സെ.മീറ്ററിൽ താഴെ. |

2. ഗർഭകാലത്ത് ശരീരഭാരവർദ്ധനവ് കുറവായവർ (ആദ്യ 3 മാസം 1.5 കി.ഗ്രാമിൽ താഴെയും തുടർന്നുള്ള മാസങ്ങളിൽ 1 കി.ഗ്രാമിൽ താഴെയും ശരീരഭാരവർദ്ധനവ് ഉള്ളവർ)

3. ഗർഭകാലത്ത് വിളർച്ചയോ വൈറ്റമിൻ ബിയുടെ അപര്യാപ്തതയോ ഉള്ളവർ

4.പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികൾ/ മുലയൂട്ടുന്ന അമ്മമാർ.

5. ഗർഭിണിയായ സമയത്ത് 18.5 ൽ താഴെ BMI ഉള്ളവർ.

6. ഗർഭിണിയുടെ പ്രായം 20 ൽ താഴെയോ 35 ൽ കൂടുതലോ.

7. ജനനഭാരം കുറവുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ.

8. ഇരട്ടകുട്ടികളുള്ള അമ്മമാർ.

9. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ അമ്മമാർ.

പദ്ധതിയുടെ ഭാഗമായി ഒരു സ്ത്രീ ഗർഭിണിയാകുന്ന നാൾമുതൽ അങ്കണവാടി പ്രവർത്തകരും, സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരും നിശ്ചിത ഇടവേളകളിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**<u>പ്രധാനമന്ത്രി മാതൃ വന്ദന യോജന</u>**

ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക. ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിത ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY). 2017 ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഈ പദ്ധതിയുടെ പുതുക്കിയ മാർഗ നിർദേശപ്രകാരം, ആദ്യ പ്രസവത്തിനു രണ്ടു ഗഡുക്കളായി 3000/-, 2000/- രൂപ വീതം ആകെ 5000 രൂപയും രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ (2022 ഏപ്രിൽ മുതൽ) 6000 രൂപയും ധനസഹായം ഗുണഭോക്താക്കളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്നു. കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതു മേഖല ജീവനക്കാർ എന്നിവർ ഒഴികെ നിയമം അനുശാസിക്കുന്ന മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും

| | | | |
|---|---|---|---|
| | | | ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുണ്ട്. പദ്ധതി ആരംഭം മുതൽ ആകെ 939189 ഗുണഭോക്താക്കൾക്കായി 4,07,12,58,000/- രൂപ ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ